## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ 393

18.12.2014 ൽ മറുപടിക്ക്

**ഭക്ഷണ പദാർത്ഥങ്ങൾക്ക് അമിത വില**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ):<br>,, സി.കെ സദാശിവൻ:<br>,, സി.കൃഷ്ണൻ:<br>,, പി.റ്റി.എ. റഹീം: | | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) | ഹോട്ടലുകളിൽ ഭക്ഷണ പദാർത്ഥങ്ങൾക്ക് അമിത വിലയീടാക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഹോട്ടലുകളിലെ ഭക്ഷണസാധനങ്ങളുടെ വിലയിൽ വർദ്ധന ഉണ്ടാകുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. |
| (ബി) | ഹോട്ടലുകളിൽ വില നിയന്ത്രിക്കുന്നതിനും ഏകീകരിക്കുന്നതിനും എന്തെങ്കിലും നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഹോട്ടലുകളിൽ വില നിയന്ത്രിക്കുന്നതും ഏകീകരിക്കുന്നതും സംബന്ധിച്ച് മുൻപ്രഖ്യാപനങ്ങൾ നടപ്പാക്കാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | (ബി) | ഹോട്ടലുകളിലെ ഭക്ഷണ സാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിനുള്ള നിയമ നിർമ്മാണം വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട് പരിശോധനയിലാണ്. ഇതു സംബന്ധിച്ച കരട് ബിൽ തയ്യാറായി വരുന്നു. |
| (സി) | ഭക്ഷണ പദാർത്ഥങ്ങളുടെ അമിത വില നിയന്ത്രിക്കുന്നതിന് സംസ്ഥാനത്ത് തൃപ്തി ഹോട്ടലുകൾ തുടങ്ങുമെന്ന ബജറ്റ് പ്രഖ്യാപനം നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ; | (സി) | ഇല്ല. സംസ്ഥാനത്ത് താലൂക്ക് അടിസ്ഥാനത്തിൽ തൃപ്തി ഹോട്ടലുകൾ ആരംഭിക്കണമെന്ന് ബഡ്ജറ്റ് പ്രഖ്യാപനം ഉണ്ടായതിന്റെ അടിസ്ഥാനത്തിൽ കുടുംബശ്രീ പ്രോജക്ട് ഉണ്ടാക്കുകയും യൂണിറ്റുകളെ ഹോട്ടലുകൾ ആരംഭിക്കുവാൻ സജ്ജരാക്കുകയുമുണ്ടായി. എന്നാൽ ഇതിനായി താലൂക്കുകളിൽ സ്ഥലം കണ്ടെത്താൻ കഴിയാത്തതുമൂലം തൃപ്തി ഹോട്ടലുകൾ ആരംഭിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| (ഡി) | മുൻ സർക്കാരിന്റെ കാലത്ത് കാര്യക്ഷമമായി പ്രവർത്തിച്ചിരുന്ന മാവേലി ഹോട്ടലുകൾ പ്രവർത്തന രഹിതമായതിന്റെ കാരണം വ്യക്തമാക്കാമോ? | (ഡി) | 24.06.2011 വരെ മാവേലി ഹോട്ടലുകൾ പ്രവർത്തിക്കുന്നതിനാവശ്യമായ ഭക്ഷ്യധാന്യങ്ങൾ സപ്ലൈകോയിൽ നിന്നും നല്കിയിരുന്നു. ഫണ്ടിന്റെ അപര്യാപ്തത മൂലം മാവേലി ഹോട്ടലുകളുടെ പ്രവർത്തനത്തിനാവശ്യമായ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യാൻ സപ്ലൈകോയ്ക്ക് സാധിച്ചിട്ടില്ല എന്നതാണ് കാരണം. |

സെക്ഷൻ ഓഫീസർ